പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 262 10.12.2012 ൽ മറുപടിക്ക്

## രാഷ്ട്രീയ കൊലപാതക കേസുകളുടെ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ എത്ര; | (എ) 563 കൊലപാതകങ്ങൾ |
| (ബി) കൊലചെയ്യപ്പെട്ടവരിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവർ ഉണ്ടായിരുന്നുവോ; | (ബി) ഉണ്ട് |
| (സി) എങ്കിൽ ഏതെല്ലാം രാഷ്ട്രീയപാർട്ടികളിൽപ്പെട്ട എത്രപേർ ഉണ്ടെന്നും അവർ ആരൊക്കെയായിരുന്നുവെന്നും ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ; | (സി) 10 പേർ. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ഡി) കൊലപാതക കേസുകളിൽ പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് അന്വേഷിച്ച കേസുകൾ എതൊക്കെയായിരുന്നു; | (ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഇ) അന്വേഷണത്തെതുടർന്ന് ഇതിനകം റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചവ എത്ര; കുറ്റപത്രം ഇനിയും സമർപ്പിച്ചിട്ടില്ലാത്തവ എത്ര; | (ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം നടന്ന കൊലപാതകങ്ങളിൽ 287 കേസുകളുടെ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. 256 കേസുകളിൽ കുറ്റപത്രം സമർപ്പിക്കാനുണ്ട്. |
| (എഫ്) അന്വേഷണം സി. ബി. ഐ യെ ഏല്പിച്ച കേസുകൾ ഏതൊക്കെ; വ്യക്തമാക്കുമോ ? | (എഫ്) അന്വേഷണം സി. ബി. ഐ യെ ഏല്പിച്ച കേസുകൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**രാഷ്ട്രീയ കൊലപാതകങ്ങൾ**

| ജില്ല | പേര് | രാഷ്ട്രീയ പാർട്ടി |
|---|---|---|
| ആലപ്പുഴ | വിശാൽകുമാർ | എ.ബി.വി.പി. |
| ഇടുക്കി | അനീഷ് രാജൻ | എസ്.എഫ്.ഐ. |
| തൃശ്ശൂർ സിറ്റി | ഷാരോൺ | ബി.ജെ.പി./ആർ.എസ്.എസ്. |
| പാലക്കാട് | വിനീഷ് | സി.പി.എം. |
| കോഴിക്കോട് റൂറൽ | മനോജൻ | ബി.എം.എസ്. |
| | റ്റി. പി. ചന്ദ്രശേഖരൻ | ആർ.എം.പി. |
| കണ്ണൂർ | അഷ്റഫ് | സി.പി.എം. |
| | സച്ചിൻ ഗോപാൽ | എ.ബി.വി.പി./ബി.ജെ.പി |
| | അൻവർ | ഐ.യു.എം.എൽ |
| | അബ്ദുൾ ഷുക്കൂർ | ഐ.യു.എം.എൽ |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

| ജില്ല | പോലീസ് സ്റ്റേഷൻ | ക്രൈം നമ്പർ |
|---|---|---|
| കൊല്ലം സിറ്റി | കോസ്റ്റൽ പോലീസ് സ്റ്റേഷൻ നീണ്ടകര | 02/2012 |
| | പാരിപ്പള്ളി | 796/2012 |
| കൊല്ലം റൂറൽ | പുത്തൂർ | 972/2012 |
| എറണാകുളം സിറ്റി | ഏലൂർ | 1142/2012 |
| മലപ്പുറം | അരീക്കോട് | 10/2012, 240/2012 |
| കോഴിക്കോട് റൂറൽ | മുക്കം | 40/2011 |

ഇടുക്കി ജില്ലയിൽ സി.പി.ഐ.(എം) ന്റെ മുൻ ജില്ലാ സെക്രട്ടറി ശ്രീ. എം.എം. മണി നടത്തിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 1196/2012 കേസും പ്രസ്തുത വെളിപ്പെടുത്തലിൽ ഉൾപ്പെട്ടിട്ടുള്ള കേസുകളും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമാണ് അന്വേഷിച്ചുവരുന്നത്. പ്രസ്തുത കൊലപാതകങ്ങൾ ഈ സർക്കാരിന്റെ കാലഘട്ടത്തിലല്ല നടന്നത് എന്നതിനാലാണ് മുകളിൽ ഉൾപ്പെടുത്താത്തത്.

സെക്ഷൻ ഓഫീസർ